(എ) സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ മാവേലി മെഡിക്കൽ സ്റ്റോർ എത്ര കേന്ദ്രങ്ങളിലാണ് പുതുതായി ആരംഭിക്കാൻ തീരുമാനിച്ചിട്ടുള്ളത്;

(ബി) ബ്ലോക്കടിസ്ഥാനത്തിൽ മാവേലി മെഡിക്കൽ സ്റ്റോർ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) കഴിഞ്ഞവർഷം (1998-99) മാവേലി മെഡിക്കൽ സ്റ്റോർ വഴി എത്ര രൂപയുടെ വിറ്റുവരവുണ്ടായിയെന്ന് വ്യക്തമാക്കുമോ;

(ഡി) ഔഷധ വിപണന രംഗത്ത് ഇന്നുള്ളതിനേക്കാൾ വിപുലമായ രീതിയിൽ ഇടപെടാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇപ്പോൾ ഉള്ള 8 മെഡിക്കൽ സ്റ്റോറുകൾക്ക് പുറമേ 25 കേന്ദ്രങ്ങളിൽക്കൂടി പുതുതായി ആരംഭിക്കാൻ സിവിൽ സപ്ലൈസ് കോർപ്പറേഷൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) ഇപ്പോൾ പരിഗണനയില്ല.

(സി) 1998-99-ൽ പ്രവർത്തിപ്പിച്ചിരുന്ന 5 മാവേലി മെഡിക്കൽ സ്റ്റോറുകൾവഴി 113.50 ലക്ഷം രൂപയുടെ വിറ്റുവരവ് ഉണ്ടായിട്ടുണ്ട്.

(ഡി) ആവശ്യമെന്ന് കണ്ടാൽ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നടപടി സ്വീകരിക്കുന്നതാണ്.

87 (713) **കിളിമാനൂർ നിയോജകമണ്ഡലത്തിൽ മാവേലിസ്റ്റോറുകൾ**

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിളിമാനൂർ നിയോജകമണ്ഡലത്തിൽ മാവേലിസ്റ്റോറുകൾ അനുവദിച്ചിട്ടില്ലാത്ത കരവാരം, നഗരൂർ, കിളിമാനൂർ, പള്ളിക്കൽ, മുദാക്കൽ എന്നീ പഞ്ചായത്തുകളിൽക്കൂടി മാവേലിസ്റ്റോറുകൾ അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ;

(ബി) റിസർവേഷൻ മണ്ഡലം എന്ന പരിഗണന നൽകി ഈ വർഷം തന്നെ ഇവ അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി) ഇപ്പോൾ മാവേലിസ്റ്റോർ ഇല്ലാത്ത 469 പഞ്ചായത്തുകളിലും ഒരെണ്ണം വീതം തുടങ്ങുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഇതിന്റെ ആദ്യ പടിയായി, നിയോജകമണ്ഡലത്തിൽ ഒന്ന് എന്ന അടിസ്ഥാനത്തിൽ 126 എണ്ണം ഉടനെ തന്നെ തുറന്ന് പ്രവർത്തനം ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു. ഇതനുസരിച്ച് കിളിമാനൂർ മണ്ഡലത്തിൽ, അവിടത്തെ എം.എൽ.എ.യുടെ നിർദ്ദേശപ്രകാരം നാവായിക്കുളം പഞ്ചായത്താണ് തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly